**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 167** | **01-09-2022 - ൽ മറുപടിയ്ക്ക്**

**ലഹരിമുക്ത കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാനും 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി കേരളസംസ്ഥാന ലഹരിവർജ്ജനമിഷൻ 'വിമുക്തി'-ക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും, ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ, കൗൺസിലിംഗ് എന്നിവ പൊതുജന പങ്കാളിത്തത്തോടെയും, മറ്റ് സർക്കാർ വകുപ്പുകളുടെയും സഹകരണത്തോടെ വിമുക്തി മിഷൻ വഴി നടപ്പിലാക്കിവരുന്നു.<br><br>ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിമുക്തി വാർഡ് തല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളിൽ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ലഹരിക്കടിമപ്പെട്ടവർക്ക് കൗൺസിലിംഗും ചികിത്സയും നൽകി വരുന്നു.<br><br>സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തിയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. ലഹരിവിരുദ്ധ ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന വിവിധ മത്സരങ്ങൾ, മറ്റ് കലാകായിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് പകർന്ന് നല്കി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ |

വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും "ഉണർവ്വ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പഠനം കഴിഞ്ഞുള്ള സമയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് അപകടകരങ്ങളായ പ്രചോദനങ്ങളിലേക്ക് പോകാതെ കായികപരമായും കലാപരമായുമുള്ള അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ “നേർക്കൂട്ടം” എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ ‘ശ്രദ്ധ’ എന്ന പേരിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കോളേജ് അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ എന്നിവരുടെ പ്രതിനിധികളും, തദ്ദേശ സ്വയംഭരണ സ്ഥാപന അംഗങ്ങളും, എക്സൈസ് ഉദ്യോഗസ്ഥരും അംഗങ്ങളായുള്ള ഈ കമ്മിറ്റികൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ലഹരിമോചന ചികിത്സ നൽകുന്നതിന് സംസ്ഥാനത്ത് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ലഹരിക്കടിമപ്പെട്ടവർക്ക് കൗൺസിലിംഗ് നൽകുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖലാ കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡി-അഡിക്ഷൻ സെന്റർ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും എറണാകുളം, കോഴിക്കോട് ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിലവിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകൾ കൂടാതെ രണ്ടു ഡി-അഡിക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ലഹരി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട കുട്ടികളെ നേർവഴിക്ക് നയിക്കാനുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ “നേർവഴി” എന്ന പേരിൽ

| | | | |
|---|---|---|---|
| | | | ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഒരു കുട്ടിയുടെ പെരുമാറ്റത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കുട്ടിയുടെ വിവരം അധ്യാപകർ നേരിട്ട് എക്സൈസ് വകുപ്പിന് നൽകി വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടൽ സാധ്യമാക്കുന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 2016 ൽ വിമുക്തി രൂപീകരിച്ച ശേഷം സംസ്ഥാനത്ത് മദ്യ ഉപയോഗത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ആയത് പൂർണ്ണമായും ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് എന്ന് വിലയിരുത്തും വിധമുള്ള പഠനങ്ങൾ നടന്നിട്ടില്ല. മദ്യ ഉപയോഗം കുറഞ്ഞതിലെ പല കാരണങ്ങളിൽ ഒന്ന് വിമുക്തിയുടെ പ്രവർത്തനങ്ങളാണ്. |
| (സി) | ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകളുടെ നിർദ്ദേശങ്ങൾ പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ലഹരി ഉപയോഗത്തിന് എതിരെയുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി-ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ തലത്തിലുമുള്ള സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സ്വീകരിക്കാവുന്ന നിർദ്ദേശങ്ങൾ സർക്കാർ പരിഗണിക്കുന്നതാണ്. എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകടെയും സഹകരണം ഇക്കാര്യത്തിൽ അനിവാര്യമാണ്. |

സെക്ഷൻ ഓഫീസർ